(4) (1)<u>ചട്ടങ്ങളുടെ രൂപീകരണം</u>

2018 ഫെബ്രുവരി മാസം 06-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിന്റെ അവതരണവേളയിൽ, 2015- ലെ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്റ്റ്, ദേശീയ ഭക്ഷ്യഭദ്രതാ നിയമം, കേരള സംസ്ഥാന യുവജന കമ്മീഷൻ എന്നീ നിയമങ്ങളുടെ ചട്ടങ്ങൾ എത്രയുംവേഗം രൂപീകരിച്ച് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ നിർദ്ദേശം നൽകണമെന്ന് ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

2015 -ലെ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ നിയമത്തിലെ കരട് ചട്ടങ്ങളിൽ കണ്ടെത്തിയ അപാകതകൾ തിരുത്തി കരട് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇത് തയ്യാറാകുന്ന മുറയ്ക്ക് സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ സെക്ഷൻ 40 (1) (2) പ്രകാരം രൂപീകരിച്ച സമിതി കരട് ചട്ടങ്ങൾ സർക്കാരിന് സമർപ്പിക്കുകയും നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചാലുടൻ നിയമസഭയുടെ മേശപ്പുറത്ത്

വയ്ക്കുന്നതുമാണെന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയും 2014 ഫെബ്രുവരി 14-ന് പ്രസിദ്ധീകരിച്ച സംസ്ഥാന യുവജന കമ്മീഷൻ നിയമത്തിന്റെ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും രണ്ടുമാസത്തിനകം ചട്ടങ്ങൾ രൂപീകരിച്ച് നിയമസഭയിൽ സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും വ്യക്തമാക്കുകയുണ്ടായി.

## 4(2) ചട്ടങ്ങൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

2018 ഫെബ്രുവരി മാസം 06-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിന്റെ അവതരണവേളയിൽ, 1994-ൽ കേരള പഞ്ചായത്തീരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട് എന്നിവ നിലവിൽ വന്ന് 24 വർഷങ്ങൾക്കുശേഷം 24-01-2018 -ലാണ് ഇതിന്റെ ചട്ടങ്ങൾ രൂപീകരിച്ച് (എസ്. ആർ.ഒ. കൾ 127/11, 82/11 35/11) സഭയുടെ മേശപ്പുറത്ത് വച്ചതെന്നും കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ലെന്നും കാലവിളംബം കൂടാതെ ചട്ടങ്ങൾ രൂപീകരിച്ച്

സഭയുടെ മേശപ്പുറത്ത് വച്ചാൽ മാത്രമേ ജനങ്ങൾക്ക് ഹാനികരമായ വ്യവസ്ഥകൾ ഭേദഗതി ചെയ്യാനോ റദ്ദാക്കാനോ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം യഥാവിധിയാണോ നിർവ്വഹിച്ചതെന്ന് പരിശോധിക്കാനോ സാധിക്കുകയുള്ളുവെന്നും ഇത്തരത്തിലുള്ള കാലതാമസം നിയമസഭയെ അവഹേളിക്കുന്നതായതിനാൽ ഇത് സംബന്ധിച്ച് റൂളിംഗ് നൽകണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 14-02-2011 - ൽ പ്രസിദ്ധീകരിച്ച കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011, 07-06-2011-ലും 25-01-2011-ൽ പ്രസിദ്ധീകരിച്ച കേരള മുനിസിപ്പാലിറ്റി ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 23-05-2011-ലും 14-01-2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ 12-05-2011-ലും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അയച്ചുകൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത എസ്.ആർ.ഒ. മേശപ്പുറത്ത്

വയ്ക്കുന്നതിനായി ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് 12-10-2017-ലെ കത്ത് പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 17-01-2018-ൽ ഡിലേ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പിലാണോ നിയമസഭാ സെക്രട്ടേറിയറ്റിലാണോ കുറ്റകരമായ കാലതാമസമുണ്ടായതെന്ന് പരിശോധിച്ച് റൂളിംഗ് നൽകണമെന്നും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

"ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. എം. ഉമ്മറും പ്രസക്തമായ രണ്ട് ക്രമപ്രശ്നങ്ങളാണ് ഉന്നയിച്ചത്. ഈ നിയമസഭാ കാലയളവിൽത്തന്നെ ഒന്നിലേറെ തവണ ഈ വിഷയം ഉന്നയിക്കപ്പെടുകയും റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും വീണ്ടും ആവർത്തിക്കുന്നു എന്നതിൽ ചെയർ കടുത്ത അസംതൃപ്തി പ്രകടിപ്പിക്കുന്നു. നിയമങ്ങൾ നിർമ്മിച്ചതിനുശേഷം ചട്ടങ്ങളുണ്ടാക്കുന്നതിൽ വന്ന

---

* XIV KLA IX Session Vol. No. 170/No. 10 dated 06.02.2018

കാലതാമസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ നൽകിയ വിശദീകരണം വ്യക്തമാണെങ്കിലും കാലതാമസത്തിന് കാരണം കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മന്ത്രിമാർക്ക് ഉത്തരവാദിത്വമുണ്ടായിരിക്കണം. സുപ്രധാന ചട്ടങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച ഒരു വിശദീകരണവും ന്യായീകരിക്കാൻ കഴിയില്ല. ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കിയാൽ അവ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച പ്രത്യേക നിയമങ്ങളുടെ കാര്യത്തിലും മറ്റ് നിയമങ്ങളുടെ കാര്യത്തിലുമുള്ള കാലതാമസം ഒഴിവാക്കേണ്ടത് വസ്തുതകളായിരിക്കെ ഇതുസംബന്ധിച്ച് സഭാതലത്തിൽ ആവർത്തിച്ച് ക്രമപ്രശ്നങ്ങൾ ഉയർന്നുവരുന്നത് അഭികാമ്യമല്ല. ഈ സാഹചര്യത്തിൽ ഇവിടെ പരാമർശിക്കപ്പെട്ട നിയമങ്ങളുടെ ചട്ടങ്ങൾ സംബന്ധിച്ച എല്ലാ നടപടികളും ഒരു മാസത്തിനകം പൂർത്തീകരിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ട് ചെയറിന് ലഭ്യമാക്കുകയും ചെയ്യണം. ആരുടെയെങ്കിലും ഭാഗത്തുനിന്ന്

മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ജനുവരി 24-ാം തീയതി സഭയുടെ മേശപ്പുറത്ത് വച്ച ചില SRO കൾ വളരെ കാലപ്പഴക്കം ചെന്നതാണെന്ന് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നം ചെയർ പരിശോധിച്ചു. 2008, 2011, 2012, 2016 വർഷങ്ങളിലായി പുറപ്പെടുവിച്ച പന്ത്രണ്ടോളം SRO-കൾ വളരെ കാലതാമസം വരുത്തിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഇത് ഏറെ ഗുരുതരവും അംഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നതുമായ നടപടിയാണ്. നിയമനിർമ്മാണ പ്രക്രിയയെത്തന്നെ അപഹാസ്യമാക്കുന്ന ഒരവസ്ഥയാണ് സംഭവിച്ചിരിക്കുന്നത്.

സ്റ്റാറ്റ്യൂട്ടറി ഡോക്യുമെന്റുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് സഭയിൽ വ്യക്തമായ ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ടെന്ന് മാത്രമല്ല, ഇവയുടെ സമഗ്ര പരിശോധനയ്ക്കായി നിയമസഭാ സമിതി പ്രവർത്തിച്ചുവരുന്നുമുണ്ട്. എന്നിട്ടും ഇത്രയും കാലതാമസം ഉണ്ടായത് അത്ഭുതാവഹമാണ്. നിയമസഭാ സെക്രട്ടേറിയറ്റിന് ഇക്കാര്യത്തിൽ

വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് ചെയർ പരിശോധിക്കും. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുകയും കുറ്റക്കാർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കുകയും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യണം.”